# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 2347

23.03.2012 ൽ മറുപടിയ്ക്ക്

## പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്:<br>ഡോ. കെ.ടി. ജലീൽ:<br>ശ്രീ. പി. റ്റി. എ. റഹീം:<br>ശ്രീമതി. കെ.എസ്. സലീഖ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ. മുസ്ലീം ജനവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പാലോളി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു; | എ. പ്രധാന ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| ബി. ഉന്നത വിദ്യാഭ്യാസത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരത്തിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | ബി. പാലോളി മുഹമ്മദ്കുട്ടി ശുപാർശകളുടെ അടിസ്ഥാനത്തിൽ മുസ്ലീം പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി സ്കോളർഷിപ്പ് 2008-09 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിലെ വിവിധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ എന്നീ സ്ഥാപനങ്ങളിൽ ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം. ബിരുദ തലത്തിൽ 3000/- രൂപയുടെ 3000 സ്കോളർഷിപ്പുകളും ബിരുദാനന്തര തലത്തിൽ 4000/- രൂപയുടെ 1000 സ്കോളർഷിപ്പുകളും, പ്രൊഫഷണൽ, ടെക്നിക്കൽ വിഭാഗത്തിൽ 5000/- രൂപയുടെ 1000 സ്കോളർഷിപ്പുകളും ലഭ്യമാണ്. കൂടാ |

തെ സർക്കാർ/സർക്കാർ അംഗീകൃത യൂണിവേഴ്സിറ്റി, ഹോസ്റ്റലുകളിൽ താമസിച്ച് ബിരുദം/ ബിരുദാനന്തര ബിരുദം/ പ്രൊഫഷണൽ കോഴ്സുകൾ, വിവിധ ഹ്രസ്വകാല കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക്ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി പ്രകാരം പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 10,000/- രൂപ വരെ ഒരു വർഷത്തേയ്ക്ക് ഹോസ്റ്റൽ സ്റ്റൈപ്പന്റായി അനുവദിക്കുന്നുണ്ട്.

സി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ് ഡിഗ്രി തലത്തിൽ 4000/- രൂപയായും പി.ജി. തലത്തിൽ 5000/- രൂപയായും പ്രൊഫഷണൽ തലത്തിൽ 6000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഹോസ്റ്റൽ സ്റ്റൈപ്പന്റ് പ്രതിമാസം 1200/- രൂപയായും (വർഷത്തിൽ പരമാവധി 12000/-) വർദ്ധിപ്പിച്ചിട്ടുണ്ട്. സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള വരുമാന പരിധി 2.5 ലക്ഷത്തിൽ നിന്നും 4.5 ലക്ഷമായി ഉയർത്തിയിട്ടുമുണ്ട്. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് ന്യൂനപക്ഷ വനിതകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും കുടുംബശ്രീ മാതൃകയിൽ അവർക്ക് ആവശ്യമായ തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിനുമായി ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 1 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. സംസ്ഥാനത്ത് ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പിന് രൂപം നൽകുക. വിവിധ വകുപ്പുകളിൽ നിലനിൽക്കുന്ന സമാനമായുള്ള കാര്യങ്ങളെ ഈ വകുപ്പിലേക്ക് ഏകോപിപ്പിക്കുക. ഇതിന്റെ ജില്ലാതല ഭരണ കേന്ദ്രങ്ങൾ കൂടി ആരംഭിക്കുക.
2. മുസ്ലീം പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട അടിയന്തിര നടപടികളുടെ ഭാഗമായി വകുപ്പ് രൂപീകരണത്തിന് മുന്നോടിയായി സംസ്ഥാന സെക്രട്ടറിയേറ്റിൽ ന്യൂനപക്ഷ ക്ഷേമ സെൽ രൂപീകരിക്കുക.
3. മദ്രസ്സാ അധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിന് സർക്കാർ ഒരു കോടി രൂപ ഗ്രാന്റ് നൽകുക. പ്രതിവർഷം ഒരു കോടി രൂപയെങ്കിലും പ്രവർത്തന ഗ്രാന്റ് അനുവദിക്കുക.
4. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നിർദ്ദേശങ്ങൾ എസ്.സി/എസ്.ടി പദ്ധതി നിർവ്വഹണം പോലെ സത്വര വേഗതയിൽ നടപ്പിലാക്കുക.
5. ന്യൂനപക്ഷ പാക്കേജ് കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി ഉടനെ നടപ്പാക്കുക. ഇതിനാവശ്യമായ നടപടി കേന്ദ്ര സർക്കാരുമായി ആലോചിച്ച് നടപ്പിൽ വരുത്തുക.
6. മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് വിഷയത്തിൽ അടിയന്തിര പരിഗണന നൽകുക. ആവശ്യമായ തുക അനുവദിക്കുക.
7. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അടിയന്തിര പരിഗണന നൽകുക.
8. സംവരണ നഷ്ടം സംബന്ധിച്ച് പ്രശ്നത്തിൽ ബന്ധപ്പെട്ടവരുമായുള്ള ചർച്ചയും കമ്മറ്റി പ്രവർത്തനവും ഉടനടി ആരംഭിക്കുക. താത്കാലിക നിയമനങ്ങൾക്ക് ഉടൻ നടപടി സ്വീകരിക്കുക.
9. ദഖ്നി, കച്ചി, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ചേർക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുക.
10. തീരദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിപാടികൾക്കു രൂപം നൽകുക.

സെക്ഷൻ ഓഫീസർ.